"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ


**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.ഹിത.കെ., ഡോ.അർച്ചന.കെ.ഒ. എന്നിവർ ഫയൽ ചെയ്ത OA (EKM) Nos.1912/2023, 1914/2023 എന്നീ ഹർജികളിന്മേലുള്ള 05.04.2024 തീയതിയിലെ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.


**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1412/2024/H&FWD തീയതി,തിരുവനന്തപുരം, 11-06-2024

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 31.05.2023- ലെ ഇ.എ.1-5160/2023/ആവഡ നമ്പർ നടപടിക്രമം.
2. സ.ഉ. (സാധാ) നം.3067/2023/ആകുവ തീയതി 21.11.2023.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18.01.2024-ലെ ഇ.എ.1-5160/2023/ആവഡ നമ്പർ കത്ത്.
4. സ.ഉ. (സാധാ) നം.522/2024/ആകുവ തീയതി 21.02.2024.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.02.2024-ലെ EA1-5160/2023/DHS നമ്പർ നടപടിക്രമം.
6. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.(Ekm) Nos.1912 & 1914 / 2023-ന്മേലുള്ള 05.04.2024 തീയതിയായ ഉത്തരവ്.

**ഉത്തരവ്**

ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023-ലെ ജൂനിയർ കൺസൾട്ടന്റ് പൊതുസ്ഥലംമാറ്റ ഉത്തരവിൽ വടകര ജില്ലാ ആശുപത്രിയിൽ നിന്നും താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.പ്രസ്സില്ല മസ്കാരനസ് പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA (EKM) 908/2023 ഫയൽ ചെയ്യുകയുണ്ടായി. കരട് സ്ഥലംമാറ്റ പട്ടികയിൽ മെഡിക്കൽ ഓഫീസർ സമർപ്പിച്ച ഓപ്ഷൻ പരിഗണിച്ച് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും, അന്തിമസ്ഥലംമാറ്റ ഉത്തരവിൽ കുറ്റിയാടി താലൂക്ക്

ആശുപത്രിയിൽ ജോലി നോക്കി വന്നിരുന്ന ഗൈനക്ക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അർച്ചന കെ.ഒ.-യ്ക്ക് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകുകയും, ഡോ.പ്രസ്സില്ല മസ്കാരനസിനെ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുകയാണ് ചെയ്തതെന്നും, പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങളിലെ ക്ലോസ് 10(1) & (2) പ്രകാരമുള്ള സ്റ്റേഷൻ സീനിയോറിറ്റി ഒരു സ്റ്റേഷനിലെ തുടർച്ചയായ സേവനത്തിന്റെ ദൈർഘ്യം എന്നിവ ടിയാൾക്കായിരുന്നു കൂടുതലെന്നും, 6/8/2018 മുതൽ കുറ്റിയാടി താലൂക്ക് ആസ്ഥാന ആശുപത്രിയിലും അതിന് ശേഷം 9/7/2019 മുതൽ വടകര ജില്ലാ ആശുപത്രിയിലും ജോലി ചെയ്തു എന്നും എന്നാൽ ഡോ.അർച്ചന 12/6/2017 മുതൽ 31/8/2021 വരെ ഫറോക്ക് താലൂക്ക് ആസ്ഥാന ആശുപത്രിയിലാണ് ജൂനിയർ കൺസൾട്ടന്റായി ജോലി ചെയ്തിരുന്നതെന്നും അതിനു മുമ്പ് ഡോ.അർച്ചന 17-04-2016 മുതൽ 09-06-2017 വരെ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലാണ് ജോലി ചെയ്തിരുന്നതെന്നും, ഈ രണ്ടു സ്ഥാപനങ്ങളും ഒരേ സ്റ്റേഷനായി കണക്കാക്കപ്പെടേണ്ടതാണെന്നും, ആയതിനാൽ പൊതുസ്ഥലംമാറ്റത്തിൽ ഡോ.അർച്ചന.കെ.ഒ.-ക്ക് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകിയ വിഷയം പുനഃപരിശോധിക്കാൻ നിർദ്ദേശം നൽകണമെന്നും ഡോ.പ്രസ്സില്ല മസ്കാരനസ്സ് ബഹു:ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷിച്ചു. OA (EKM) No.908/2023-മേൽ ബഹു:ട്രൈബ്യൂണൽ 08.08.2023-ൽ പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകയായ ഡോ.പ്രസ്സില്ല മസ്കാരനസ്സ് സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിക്കുവാനും, അപേക്ഷകയെയും, നാലാം എതിർകക്ഷിയായ ഡോ.അർച്ചന കെ.ഒ.-യെയും സർക്കാർ നേരിൽ കേട്ടതിനു ശേഷം വിഷയം പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാനും നിർദ്ദേശം നൽകിയിരുന്നു.

2) 2021-ലെ പൊതുസ്ഥലംമാറ്റത്തിൽ ഡോ.അർച്ചന.കെ.ഒ.-യെ കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ടിയാൾ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM)- 651/2022 മേലുള്ള 30.05.2022-ലെ ഉത്തരവിൽ പ്രസ്തുത സ്ഥലംമാറ്റം compulsory transfer ആയി പരിഗണിച്ച് ഡോ.അർച്ചന.കെ.ഒ.-യെ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ അടുത്തുണ്ടാകുന്ന ഒഴിവിലേയ്ക്ക് പരിഗണിക്കണമെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിലാണ് ഡോ.അർച്ചന.കെ.ഒ.യ്ക്ക് 2023 പൊതുസ്ഥലംമാറ്റത്തിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സ്ഥലംമാറ്റം നൽകിയതെന്നും എന്നാൽ, പുനഃപരിശോധനയിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സ്ത്രീകളുടേയും

കുട്ടികളുടേയും ആശുപത്രിയിൽ സ്ഥലംമാറ്റം നൽകുന്നതിനായി പരിഗണിക്കപ്പെടാൻ മറ്റ് മെഡിക്കൽ ഓഫീസർമാർ ഉണ്ടെന്നും, അപ്രകാരം പൊതുസ്ഥലംമാറ്റ ഉത്തരവ് പുനഃക്രമീകരിക്കേണ്ടതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടറും റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. സർക്കാർ പ്രസ്തുത വിഷയങ്ങളും റിപ്പോർട്ടും വിശദമായി പരിശോധിക്കുകയും, ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയത് പ്രകാരം ചുവടെ പറയും പ്രകാരം സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും, കൂടാതെ, ഡോ.പ്രസ്സില്ല മസ്കാരനസ്സ് അപ്പീൽ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള അനുകമ്പാർഹമായ വസ്തുതകൾ പരിഗണിച്ച് ടിയാൾക്ക് കോഴിക്കോട് നഗരപരിസരത്തുള്ള ആശുപത്രിയിൽ ഒന്നിൽ ടിയാൾക്ക് നിയമനം നൽകുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം OA (EKM) - 908/2023 നമ്പറിലുള്ള 08.08.2023-ലെ ഉത്തരവ് അനുവർത്തനം ചെയ്തിരുന്നു.

<u>പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ഗൈനക്കോളജി ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സർക്കാർ നൽകിയ സ്ഥലംമാറ്റ നിർദ്ദേശങ്ങൾ</u>

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയ ഡോ.ഷൈമ.എൻ.എസ്.നെ വടകര ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റാവുന്നതാണ്.

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ മഞ്ചേരി ജനറൽ ആശുപത്രിയിൽ നിയമനം നൽകിയിരുന്ന ഡോ.സുജിത മാധവനെ പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റാവുന്നതാണ്.

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം അനുവദിച്ച ഡോ.ലിസി.സി.എച്ച്-നെ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റാവുന്നതാണ്.

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ട ഡോ.അനിസ.പി.എം.-ന് മങ്ങാട്ടുപറമ്പ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകാവുന്നതാണ്.

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയ ഡോ.അമ്പിളിപി.സി.-യെ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകുക.

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ തിരൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയ ഡോ.ബാസിമ.പി-യെ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിയമനം നൽകാവുന്നതാണ്.

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ തിരൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ട ഡോ.അനിസ.എം.പി-യെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഓപ്പൺ വേക്കൻസിയിൽ നിയമനം നൽകാവുന്നതാണ്.

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയ ഡോ.ശ്രുതി.വി.ജി.-യെ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം അനുവദിക്കാവുന്നതാണ്.

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ടിരിക്കുന്ന ഡോപ്രസ്സില്ല മസ്കരാസിനെ നാദപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നല്കാവുന്നതാണ്..

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശ്രുപത്രിയിൽ സ്ഥലം മാറ്റം അനുവദിച്ച ഡോ.അർച്ചന.കെ.ഒ.-യെ പ്രസ്തുത സ്ഥലംമാറ്റം റദ്ദുചെയ്ത് കുറ്റിയാടി താലൂക്ക് ആശുപത്രിയിൽ തന്നെ നിലനിറുത്താവുന്നതാണ്.

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ മങ്ങാട്ടുപറമ്പ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് സ്ഥലമാറ്റം നൽകിയ ഡോ.ഫിറോസ.പി.യെ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയക്ക് സ്ഥലംമാറ്റി നിയമിക്കാവുന്നതാണ്..

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയക്ക് സ്ഥലമാറ്റം അനുവദിച്ചിരുന്ന ഡോ.ഹിത.കെ-യെ കുറ്റിയാടി

താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കാവുന്നതാണ്.

- 2023 പൊതു സ്ഥലംമാറ്റ ഉത്തരവിൽ വടകര ജില്ലാ ആശുപത്രിയിൽ നിയമനം അനുവദിച്ച ഡോ.ഷബ്ന.പി.-യെ തിരൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റാവുന്നതാണ്.

3) മേൽ സ്ഥലംമാറ്റ നിർദ്ദേശങ്ങൾ അടങ്ങിയ പരാമർശം (2) ഉത്തരവ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്ബ് സൈറ്റിൽ പബ്ലിഷ് ചെയ്ത വേളയിൽ തന്നെ ഉത്തരവിനെതിരെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ **ഡോ.ഷബ്ന.പി., ഡോ.അർച്ചന.കെ.ഒ., ഡോ.ഹിത.കെ.** എന്നിവർ ബഹു:ട്രൈബ്യൂണൽ മുമ്പാകെ യഥാക്രമം OA (EKM) 1926, 1914, 1912 of 2023 ഫയൽ ചെയ്യുകയും 04.12.2023-ലെ ഇടക്കാല ഉത്തരവ് പ്രകാരം ബഹു:ട്രൈബ്യൂണൽ പരാമർശം (2) ഉത്തരവ് സ്റ്റേ ചെയ്യുകയും, കൂടാതെ, ഒന്നും രണ്ടും എതിർകക്ഷികൾ ചേർന്ന് 21.11.2023-ലെ ഉത്തരവിൽ ഉൾപ്പെട്ട മെഡിക്കൽ ഓഫീസർമാരെ ഓൺലൈൻ മുഖാന്തിരം കേൾക്കുന്നതിനും, തീരുമാനം എടുക്കുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതിൻ പ്രകാരം 28.12.2023-ന് ആരോഗ്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരെ ഓൺലൈൻ മുഖാന്തിരം കേൾക്കുകയും, ഹിയറിംഗിൽ പങ്കെടുത്ത മെഡിക്കൽ ഓഫീസർമാരുടെ അഭിപ്രായങ്ങളുടെയും നിലവിലെ വസ്തുതകളുടെയും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിഷയം പരിശോധിക്കുകയും, പരാമർശം (4) ഉത്തരവ് പ്രകാരം ബഹു:ട്രൈബ്യൂണലിന്റെ 04.12.2023-ലെ ഇടക്കാല ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവ് പ്രകാരം പരാമർശം (2) ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ട സ്ഥലംമാറ്റങ്ങൾ തന്നെ മെഡിക്കൽ ഓഫീസർമാർക്ക് നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ നിർബന്ധിത സ്ഥലംമാറ്റത്തിന് വിധേയരായവർക്ക്, ടി ആളുകൾ 2024-ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ നൽകുന്ന പക്ഷം, ടിയാളുകളുടെ അർഹതയ്ക്കനുസരിച്ച് പ്രത്യേക പരിഗണ നൽകുന്നതിനും, ഡോ.പ്രസ്സില്ല മസ്കാരനസിന് ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് 2024-ലെ പൊതു സ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന നൽകി അനുയോജ്യമായ സ്ഥലംമാറ്റം നൽകുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

4) പരാമർശം (4) ഉത്തരവിലെ നിർദ്ദേശങ്ങൾ അനുപാലിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (5) നടപടിക്രമം പുറപ്പെടുവിക്കുകയും, മെഡിക്കൽ ഓഫീസർമാരുടെ സ്ഥലംമാറ്റങ്ങൾ പ്രാബല്യത്തിൽ വരികയും ഉണ്ടായി. എന്നാൽ കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ട ഡോ.ഹിത.കെ., ഡോ.അർച്ചന.കെ.ഒ. എന്നിവർ പരാമർശം (4), (5) ഉത്തരവുകൾ ചലഞ്ച് ചെയ്തുകൊണ്ട് ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA (EKM) No.1912/2023, OA (EKM) No.1914/2023-ന്മേൽ Miscellaneous Application ഫയൽ ചെയ്യുകയുണ്ടായി. തുടർന്ന് O.A.(Ekm) Nos.1912 & 1914 of 2023 -ന്മേൽ ബഹു:ട്രൈബ്യൂണൽ പരാമർശം (6) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ബഹു:ട്രൈബ്യൂണലിന്റെ 04.12.2023-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങൾ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരെ ഓൺലൈൻ മുഖാന്തിരം കേട്ടതിനുശേഷം, മനസ്സിലാക്കി പുനഃപരിശോധിച്ചും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിച്ചും 2024 പൊതുസ്ഥലംമാറ്റ ഉത്തരവിന് മുൻപായി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (6) പ്രകാരം ബഹു:ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

5) ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (6) ഉത്തരവ് പ്രകാരം അപേക്ഷകരായ ഡോ.അർച്ചന.കെ.ഒ., ഡോ.ഹിത.കെ. എന്നിവരും മറ്റ് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരും അടക്കം ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ 17 മെഡിക്കൽ ഓഫീസർമാരെ 17.05.2024-ന് ചുവടെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥ നേരിൽ കേട്ടിരുന്നു. അവരുടെ പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും ചുവടെ ചേർക്കുന്നു:

| ക്രമ നം. | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|
| 1 | ഡോ.ഷൈമ | ജില്ലാ ആശുപത്രി, വടകര, കോഴിക്കോട് |
| 2 | ഡോ.സുജിത മാധവൻ | സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി, പൊന്നാനി, മലപ്പുറം |
| 3 | ഡോ.ലിസ്സി.സി.എച്ച്. | സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട് |
| 4 | ഡോ.അനീസ.പി.എം. | സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, മങ്ങാട്ടുപറമ്പ, കണ്ണൂർ |
| 5 | ഡോ.അമ്പിളി.പി.സി. | സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട് |
| 6 | ഡോ.ബാസിമ.പി. | ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം |

| | | |
|---|---|---|
| 7 | ഡോ.അനീസ.എം.പി. | താലൂക്ക് ആശുപത്രി, കുറ്റിപ്പുറം, മലപ്പുറം |
| 8 | ഡോ.ശ്രുതി.വി.ജി. | താലൂക്ക് ആസ്ഥാന ആശുപത്രി, താമരശ്ശേരി, കോഴിക്കോട്. |
| 9 | ഡോ.പ്രസ്സില്ല മസ്കാരനസ് | താലൂക്ക് ആസ്ഥാന ആശുപത്രി, നാദാപുരം, കോഴിക്കോട് |
| 10 | ഡോ.അർച്ചന.കെ.ഒ. | താലൂക്ക് ആശുപത്രി, കുറ്റിയാടി, കോഴിക്കോട്. |
| 11 | ഡോ.ഫിറോസ.പി. | താലൂക്ക് ആസ്ഥാന ആശുപത്രി, താമരശ്ശേരി, കോഴിക്കോട് |
| 12 | ഡോ.ഹിത.കെ. | താലൂക്ക് ആശുപത്രി, കുറ്റിയാടി, കോഴിക്കോട് |
| 13 | ഡോ.ഷബ്ന.പി. | ജില്ലാ ആശുപത്രി, തിരൂർ, മലപ്പുറം |
| 14 | ഡോ.മഞ്ജു.പി. | സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, പൊന്നാനി |
| 15 | ഡോ.റോഹൻസ് ജോയ് | ജനറൽ ആശുപത്രി, മഞ്ചേരി |
| 16 | ഡോ.സലീമ പട്ടപ്പിങ്ങൽ | ജില്ലാ ആശുപത്രി, നിലമ്പൂർ |
| 17 | ഡോ.ബുഷ്റ.എ. | ജനറൽ ആശുപത്രി, മഞ്ചേരി, മലപ്പുറം |

നേരിൽ കേട്ട വേളയിൽ അപേക്ഷകരും മറ്റ് മെഡിക്കൽ ഓഫീസർമാരും ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു:

<u>ഡോ.അർച്ചന കെ.ഒ.</u>

- 18.01.2002-ൽ കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായി ജോലിയിൽ പ്രവേശിച്ചു.
- 2021 പൊതുസ്ഥലംമാറ്റത്തിൽ കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് നിർബന്ധിത സ്ഥലംമാറ്റമാണ് ലഭിച്ചിരുന്നത്. ആയതിനാൽ ടി സ്ഥലംമാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA (EKM) No.651/2022 നമ്പർ കേസ് ഫയൽ ചെയ്യുകയും, കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ആദ്യം ഉണ്ടാകുന്ന

ഒഴിവിൽ നിയമനം നൽകണമെന്ന അപേക്ഷ പരിഗണിക്കണമെന്ന ബഹു:ട്രൈബ്യൂണലിന്റെ ഉത്തരവ് അനുവർത്തനം ചെയ്ത് 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിയമനം നൽകിയിരുന്നു.

- ഡോ.പ്രസ്സില്ല മസ്കാരനസ്സ്, കൺസൾട്ടന്റ് (ഗൈനക്കോളജി) ബഹു:ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 908/2023 നമ്പർ കേസിന്റെ അടിസ്ഥാനത്തിലാണ് ടിയാളുടെ നിയമനം പുനഃപരിശോധിക്കുന്നത്. ഡോ.പ്രസ്സില്ല മസ്കാരനസ്സിന്റെ അപേക്ഷ നിരസിക്കുന്നതിന് പകരം ആരോഗ്യ വകുപ്പ് ഡയറക്ടർ കോഴിക്കോട് ജില്ലയിൽ നിയമനം നൽകിയ 14 മെഡിക്കൽ ഓഫീസർമാരുടെ സ്ഥലംമാറ്റ ശിപാർശ സർക്കാരിൽ സമർപ്പിക്കുകയാണ് ചെയ്തത്.
- മിലിട്ടറി ഓഫീസറായ പിതാവ് 21.03.1975-ൽ യുദ്ധത്തിൽ മരണപ്പെട്ടു. ആയതിനാൽ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം മുൻഗണന അർഹിക്കുന്നു.
- വളരെ ദൂരം യാത്ര ചെയ്ത് ജോലി ചെയ്യാൻ കഴിയാത്ത ആരോഗ്യ പ്രശ്നങ്ങൾ ഉണ്ട്. ആയതുകൊണ്ട് 2023-ലെ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ഓപ്ഷൻ നൽകിയ പ്രകാരം കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം അനുവദിക്കണം.

<u>ഡോ.ഹിത.കെ.</u>

- എസ്.സി. വിഭാഗത്തിൽപ്പെടുന്നു. ആയത് പ്രകാരമുള്ള പരിഗണ ഇതുവരെ എടുത്തിട്ടില്ല.
- 2019-ലെ പൊതുസ്ഥലംമാറ്റത്തിൽ "transfer required under SC Category" വിഭാഗത്തിൽ മുൻഗണന പ്രകാരം അപേക്ഷിച്ചിരുന്നുവെങ്കിലും, ഓപ്ഷൻ നൽകിയ സ്ഥാപനത്തിൽ പരിഗണിക്കാതെ നാദാപുരം താലൂക്ക് ആശുപത്രിയിൽ നിർബന്ധിത സ്ഥലംമാറ്റം നൽകി. പ്രസ്തുത സ്ഥാപനത്തിൽ നാലര വർഷം ജോലി ചെയ്തു. നാദാപുരം താലൂക്ക് ആശുപത്രിയിലേയ്ക്കുള്ള സ്ഥലംമാറ്റം നിർബന്ധിത സ്ഥലംമാറ്റമായതിനാൽ, 2019-ലെ സ്ഥലംമാറ്റപ്പെട്ട സ്റ്റേഷനിലെ സർവ്വീസ് കൂടി കോഴിക്കോട് ജനറൽ

ആശുപത്രിയിലെ 2013 മുതൽക്കുള്ള സർവ്വീസ് സീനിയോരിറ്റിക്കൊപ്പം കണക്കാക്കണം.

- സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട്; താലൂക്ക് ആസ്ഥാന ആശുപത്രി, ഫറോക്ക്; ജനറൽ ആശുപത്രി, കോഴിക്കോട്; താലൂക്ക് ആസ്ഥാന ആശുപത്രി, കൊയ്‌ലാണ്ടി എന്നീ സ്ഥാപനങ്ങളിൽ ഓപ്ഷൻ സമർപ്പിച്ചിരുന്നു. ഇതിൽ ഫറോക്ക് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കുന്ന ഡോ.രാജി.പി.ജി. 30.01.2016 മുതൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലും, അവിടെനിന്ന് 14.05.2022 മുതൽ 15 കി.മീ ചുറ്റളവിൽ വരുന്ന ഫോറോക്ക് ആശുപത്രിയിലും ജോലി ചെയ്യുന്നു.
- മൂന്നാമത്തെ ഓപ്റ്റഡ് സ്റ്റേഷനായ കോഴിക്കോട് ജനറൽ ആശുപത്രിയിൽ 23.09.2022-ന് ഡോ.രഞ്ജിത-ക്ക്, ടിയാളുടെ അപേക്ഷ പ്രകാരം പരസ്പര സ്ഥലംമാറ്റം മുഖേന സ്ഥലം മാറ്റം നൽകിയിരുന്നു. ഇത് 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ "vacancy" ആയി പരിശോധിക്കേണ്ടിയിരുന്നു. എന്നാൽ അപ്രകാരം ഉണ്ടായില്ല.
- 2019-ലെ സ്ഥലംമാറ്റം നിർബന്ധിത സ്ഥലംമാറ്റം ആയിരുന്നിട്ടും പ്രസ്തുത സ്റ്റേഷനിൽ നാലര വർഷം ജോലി നോക്കിയിട്ടും 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ച ഒരു സ്റ്റേഷനിലേയ്ക്കും സ്ഥലംമാറ്റം നൽകാതെ പഴയ സ്റ്റേഷനിൽ നിന്നും 10 കി.മീ. അകലെയുള്ള കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ടു. ആയതിനാൽ എത്രയും വേഗം കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ഫറോക്ക് താലൂക്ക് ആസ്ഥാന ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണം.

**<u>ഡോ.ലിസ്സി.സി.എച്ച്.</u>**

- ആരോഗ്യ വകുപ്പിൽ 23 വർഷവും 10 മാസവും സർവ്വീസ് ഉള്ള വ്യക്തിയാണ്. 26.06.2000-ൽ സർവ്വീസിൽ പ്രവേശിച്ചതു മുതൽ ഇതുവരെ LWA എടുത്തിട്ടില്ല.
- കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി സ്ഥലംമാറ്റത്തിന് ഓപ്ഷനായി നൽകിയവരിൽ ഏറ്റവും കൂടുതൽ സ്റ്റേഷൻ സീനിയോരിറ്റി ഉള്ള ആളാണ്. 19.07.2017 മുതൽ 30.06.2023 വരെ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ആശുപത്രിയിൽ ജോലി ചെയ്തു.
- കഴിഞ്ഞ 7 വർഷമായി ജില്ലക്ക് പുറത്താണ് ജോലി ചെയ്യുന്നത്.
- കേസിൽ 6-ാം എതിർകക്ഷിയായ ടിയാൾ സ്ഥലംമാറ്റത്തിന് അപേക്ഷ കൊടുത്തിട്ടില്ല

എന്നും കരട് ലിസ്റ്റിലെ സ്ഥലംമാറ്റത്തിനെതിരെ അപ്പീൽ കൊടുത്തില്ല എന്നും സീനിയർ ആയതു കൊണ്ട് മാത്രമാണ് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമിച്ചത് എന്നുമുള്ള അപേക്ഷകരുടെ വാദം കളവാണ്. 2021-ലും 2023-ലും സ്ഥലംമാറ്റത്തിന് "request" കൊടുക്കുകയും, അപ്പീൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

- 23.02.2024-ന് ഇറങ്ങിയ ഉത്തരവ് പ്രകാരം സ്ത്രീകളുടേയു കുട്ടികളുടേയും ആശുപത്രിയിൽ പ്രവേശിച്ചത്. എന്നാൽ 2023 ജൂണിൽ തന്നെ ടി സ്ഥാപനത്തിൽ പ്രവേശിക്കാൻ കഴിയാതെ ടിയാൾക്കാണ് നീതി നിഷേധമുണ്ടായത്.
- ഒന്നാമത്തെ ഓപ്റ്റഡ് സ്റ്റേഷനായ നിലവിലെ സ്റ്റേഷനിൽ മൂന്നു വർഷം തുടരുവാൻ അനുവദിക്കണം.

**ഡോ.അമ്പിളി.പി.സി.**

- 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ 1) താലൂക്ക് ആശുപത്രി, കുറ്റിപ്പുറം, 2) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട്, 3) ജില്ലാ ആശുപത്രി, നിലമ്പൂർ 4) താലൂക്ക് ആശുപത്രി, അരീക്കോട്, 5) സാമൂഹിക ആരോഗ്യ കേന്ദ്രം, ഉറങ്ങാട്ടിരി 6) സാമൂഹിക ആരോഗ്യ കേന്ദ്രം,മങ്കട 7) താലൂക്ക് ആസ്ഥാന ആശുപത്രി, മലപ്പുറം, 8) ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ എന്നീ സ്ഥാപനങ്ങളിൽ ഓപ്ഷൻ നൽകിയിരുന്നു.
- 16.06.2018-ൽ മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം ലഭിക്കുകയും, 11.10.2018-ലെ മഞ്ചേരി ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്തിരുന്നു. ടി രണ്ടു സ്ഥാപനങ്ങളും ഒരു സ്റ്റേഷനായി കണക്കാക്കിയാൽ ആകെ 7 വർഷത്തെ സ്റ്റേഷൻ സീനിയോരിറ്റി ഉണ്ട്.
- ആദ്യത്തെ ഓപ്ഷൻ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ആയിരുന്നു. എന്നാൽ ആ സ്ഥാപനത്തിലേയ്ക്ക് നിയമനം ലഭിച്ചില്ല. കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ നിയമനം ലഭിക്കുന്നത് അഭികാമ്യമാകും.
- മകൻ മഞ്ചേരിയിൽ പഠിക്കുന്നതിനാൽ 3-ാമത്തെ ഓപ്ഷനായ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സേവനം അനുഷ്ഠിക്കുവാനും തയ്യാറാണ്.
- കുറ്റിപ്പുറത്തും നിലമ്പൂരും സ്ഥലംമാറ്റം ലഭ്യമാക്കുവാൻ കഴിഞ്ഞില്ലായെങ്കിൽ നിലവിലെ സ്റ്റേഷനായ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ തുടരുവാൻ അനുവദിക്കണം.

ഡോ.പ്രസ്സില്ല മസ്കാരനസ്സ്

- 2023 പൊതുസ്ഥലംമാറ്റത്തിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നു.
- 31.01.2027-ന് സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ 2 വർഷവും 6 മാസവും മാത്രമേ സർവ്വീസ് ബാക്കിയുള്ളൂ. ആരോഗ്യ പ്രശ്നങ്ങൾ അധികം ഉള്ളതിനാൽ ദീർഘദൂര യാത്ര പ്രയാസമാണ്. അസുഖബാധിതനായ ഭർത്താവും, മാനസിക രോഗിയായ സഹോദരനും ടിയാളെ ആശ്രയിച്ചാണ് കഴിയുന്നത്. മിശ്രവിവാഹിതയായതിനാൽ സ്ഥലംമാറ്റം ലഭിക്കുവാൻ മുൻഗണന ഉണ്ട്.
- കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി താമസ സ്ഥലത്തു നിന്നും നടന്നു പോകുവാൻ കഴിയുന്ന അത്രയും അടുത്താണ്.
- 06.08.2018 മുതൽ കുറ്റിയാടി താലൂക്ക് ആശുപത്രിയിലും, 05.07.2023 മുതൽ വടകര ജില്ലാ ആശുപത്രിയിലും ജോലി നോക്കിയിട്ടുള്ളതിനാലും, മിശ്രവിവാഹിതയുടെയും, അനുകമ്പാർഹമായ സാഹചര്യങ്ങൾ പരിഗണിച്ചും 2024-ലെ പൊതുസ്ഥലംമാറ്റത്തിൽ കോഴിക്കോട് ജില്ലയിൽ ഒഴിവുകൾ വരാൻ സാധ്യതയില്ലാത്തതിനാലും 2023-ലെ അപേക്ഷ പ്രകാരം കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം അനുവദിക്കണം.

6) ഹിയറിംഗിൽ പങ്കെടുത്ത മറ്റ് മെഡിക്കൽ ഓഫീസർമാർ എല്ലാവരും നിലവിലെ സ്റ്റേഷനുകളിൽ തൃപ്തരാണെന്ന് അറിയിച്ചു. എന്നാൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി പോലുള്ള ഗൈനക്കോളജിക്ക് അനേകം തസ്തികകൾ ഉള്ള ആശുപത്രികളിൽ, വളരെ സീനിയർ ആയ മെഡിക്കൽ ഓഫീസർമാരോടൊപ്പം ജോലി ചെയ്യാൻ അവസരം ലഭിക്കുന്നതിന് ആഗ്രഹമുണ്ടെന്നും ഹിയറിംഗിൽ പങ്കെടുത്ത മറ്റ് ചില മെഡിക്കൽ ഓഫീസർമാർ അഭിപ്രായം രേഖപ്പെടുത്തി.

7) ഡോ.ലിസ്സി.സി.എച്ച്. 10/06/2017 മുതൽ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലാണ് സേവനം അനുഷ്ഠിച്ചിരുന്നത്. ടിയാരി കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഒന്നാം ഓപ്ഷൻ ആയിട്ടാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ടി സ്ഥാപനത്തിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്ന മെഡിക്കൽ ഓഫീസർമാരിൽ ഡോ.ലിസ്സി ആയിരുന്നു സ്റ്റേഷൻ സീനിയർ. ടിയാരിയ്ക്ക് മിശ്ര വിവാഹിത എന്ന പരിരക്ഷ കൂടിയുണ്ടായിരുന്നു. ആയതിനാലാണ് ടിയാരിയ്ക്ക്

കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിയമനം നൽകിയിരുന്നത്.

8) 11/10/2018 മുതൽ മഞ്ചേരി ജനറൽ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ.അമ്പിളി.പി.സി. കുറ്റിപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി ഒന്നാം ഓപ്ഷൻ ആയും കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി രണ്ടാം ഓപ്ഷൻ ആയും ആണ് അപേക്ഷ സമർപ്പിച്ചിരുന്നത്. എന്നാൽ ഒന്നാം ഓപ്ഷൻ ആയ കുറ്റിപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് ടിയാരിയെക്കാൾ സ്റ്റേഷൻ സീനിയോറിറ്റി ഉള്ള ഡോ.സിനി.എ.റ്റി., ഡോ.അനീസ.എം.പി. എന്നിവരെ പരിഗണിച്ചതിനാൽ ടിയാരിയ്ക്ക് രണ്ടാം ഓപ്ഷൻ ആയ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിയമനം നൽകിയത്.

9) 09/07/2019 മുതൽ വടകര ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ.പ്രസില്ല മസ്കാരൻസ് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മാത്രമാണ് ഓപ്ഷൻ ആയി സമർപ്പിച്ചിരുന്നത്. എന്നാൽ ടി സ്ഥാപനത്തിലേക്ക് ഓപ്ഷൻ നൽകിയിരുന്ന മെഡിക്കൽ ഓഫീസർമാരിൽ സ്റ്റേഷൻ സീനിയോറിറ്റി കൂടുതലുള്ള ഡോ.ലിസ്സി.സി.എച്ച്., ഡോ.അമ്പിളി.പി.സി. എന്നിവരെയാണ് പരിഗണിച്ചിരുന്നത്.

10) 2021 ലെ പൊതുസ്ഥലം മാറ്റത്തിൽ ഡോ.അർച്ചന.കെ.ഒ. യെ ഫറോഖ് താലൂക്ക് ആശുപത്രിയിൽ നിന്നും കുറ്റിയാടി താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റിയിരുന്നു. ആയതിനെതിരെ ടിയാരി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്തിരുന്ന OA(EKM) 651/22 മേലുള്ള ഉത്തരവിൽ പ്രസ്തുത സ്ഥലംമാറ്റം compulsory transfer ആയി പരിഗണിച്ച് കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അടുത്ത് ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് നിയമിക്കണമെന്നുള്ള ടിയാളുടെ അപേക്ഷ പരിഗണിക്കണമെന്ന് ഉത്തരവായിരുന്നു. 18.01.2002-ൽ കോഴിക്കോട് താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായി ജോലിയിൽ പ്രവേശിച്ച ഡോ.അർച്ചന.കെ.ഒ. 2023 പൊതുസ്ഥലംമാറ്റത്തിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രി മാത്രമാണ് സ്ഥലംമാറ്റത്തിന് ഓപ്റ്റ് ചെയ്തിരുന്നത്. ടിയാൾ സർവ്വീസിൽ പ്രവേശിച്ചതു മുതൽ ഹോം ഡിസ്ട്രിക്ട് ആയ കോഴിക്കോട് ജില്ലയിൽ മാത്രമാണ് ജോലി നോക്കിയിട്ടുള്ളതെന്ന് സ്പാർക്ക് മുഖാന്തിരം ലഭ്യമായ സർവ്വീസ് രേഖ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. പൊതുസ്ഥലംമാറ്റത്തിന് വിവിധ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റത്തിനുള്ള ഓപ്ഷൻ കൊടുക്കുവാനുള്ള അവസരം ഉണ്ടായിട്ടും ഒരേ ഒരു സ്ഥാപനം മാത്രമാണ് ഡോ.അർച്ചന ഓപ്റ്റ് ചെയ്തിരുന്നത്. പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് സ്ഥലംമാറ്റം

ലഭിക്കുന്നതിന് ഡോ.ലിസ്സി.സി.എച്ച്., ഡോ.അമ്പിളി.പി.സി. എന്നിവർക്കാണ് അർഹത ഉണ്ടായിരുന്നത്. ആയതിനാൽ ഡോ.അർച്ചന.കെ.ഒ.-യെ തിരികെ കുറ്റിയാടി താലൂക്ക് ആശുപത്രിയിൽ തന്നെ നിയമിച്ചിരുന്നു.

11) 07/03/2019 മുതൽ നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ.ഹിത.കെ. പൊതു സ്ഥലംമാറ്റത്തിൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഒന്നാം ഓപ്ഷൻ ആയും ഫറോഖ് താലൂക്ക് ആസ്ഥാന ആശുപത്രി രണ്ടാം ഓപ്ഷൻ ആയും കോഴിക്കോട് ജനറൽ ആശുപത്രി മൂന്നാം ഓപ്ഷൻ ആയും വടകര ജില്ലാ ആശുപത്രി നാലാം ഓപ്ഷൻ ആയും കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രി അഞ്ചാം ഓപ്ഷൻ ആയും അപേക്ഷ സമർപ്പിച്ചിരുന്നു. ഒന്നാമത്തെ ഓപ്ഷനിൽ സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഡോ.ലിസ്സി.സി.എച്ച്., ഡോ.അമ്പിളി.പി.സി. എന്നിവർക്കാണ് അർഹത ഉണ്ടായിരുന്നത്. രണ്ടാമത്തെയും മൂന്നാമത്തെയും അഞ്ചാമത്തെയും ഓപ്ഷനുകളിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്ഥലംമാറ്റാൻ കഴിയുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഇല്ലായിരുന്നു. നാലാമത്തെ ഓപ്ഷൻ ആയ വടകര ജില്ലാ ആശുപത്രിയിൽ ഡോ.ഹിത.കെ.-യെക്കാൾ സ്റ്റേഷൻ സീനിയർ ആയ ഡോ.ഷൈമ.എൻ.എസ്.-നെയാണ് പരിഗണിച്ചത്.

12) മേൽ സാഹചര്യത്തിൽ, OA (EKM) Nos.1912 & 1914/2023 കേസുകളുടെ അപേക്ഷകരും മറ്റ് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരും സമർപ്പിച്ച രേഖകളും, മെഡിക്കൽ ഓഫീസർമാരുടെ മുൻകാല സർവ്വീസും, സ്ഥലംമാറ്റത്തിനായി സമർപ്പിച്ച അപേക്ഷയും മറ്റും പരിശോധിച്ചതിൽ നിന്നും കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിലവിൽ നിയമനം നൽകിയിട്ടുള്ള ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.ലിസ്സി.സി.എച്ച്., ഡോ.അമ്പിളി.പി.സി. എന്നിവർ പ്രസ്തുത സ്ഥാപനത്തിൽ നിയമനം ലഭിക്കുവാൻ ഏറ്റവും യോഗ്യതയുള്ളവരാണെന്ന് കണ്ടെത്തുകയുണ്ടായി. മേൽ പരാമർശിത വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഡോ.ഹിത.കെ., ഡോ.അർച്ചന.കെ.ഒ. എന്നിവർ ഫയൽ ചെയ്ത OA (EKM) Nos.1912 & 1914/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 05.04.2024-ലെ ഉത്തരവ് ചുവടെ ചേർത്തിട്ടുള്ള പ്രകാരം അനുവർത്തനം ചെയ്ത് ഉത്തരവാകുന്നു:

- നിലവിൽ കുറ്റിയാടി താലൂക്ക് ആശുപത്രിയിൽ ജോലി നോക്കി വരുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റും OA (EKM) No.1912/2023-യുടെ അപേക്ഷകയുമായ ഡോ.ഹിത.കെ.-യെ 2024 പൊതുസ്ഥലംമാറ്റത്തിലൂടെ ടിയാളുടെ രണ്ടാമത്തെ

ഓപ്ഷനായ ഫറോക്ക് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഒഴിവ് നിലവിൽ വരുന്ന പക്ഷം സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

- നിലവിൽ നാദാപുരം താലൂക്ക് ആശുപത്രിയിൽ ജോലി നോക്കി വരുന്ന ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.പ്രസ്സില്ല മസ്കാരനസ്സിനെ ടിയാൾക്ക് സർവ്വീസിൽ നിന്നും വിരമിക്കാൻ രണ്ടു വർഷം അവശേഷിക്കുന്ന വേളയിൽ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്ന പക്ഷം സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഉചിതമായ നടപടി സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.
- OA (EKM) No.1914/2023-യുടെ അപേക്ഷകയായ ഡോ.അർച്ചന.കെ.ഒ. കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രി മാത്രമാണ് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൾ സർവ്വീസിൽ പ്രവേശിച്ചതു മുതൽ ഹോം ഡിസ്ട്രിക്ട് ആയ കോഴിക്കോട് ജില്ലയിൽ മാത്രമാണ് ജോലി നോക്കിയിട്ടുള്ളതെന്ന് സ്പാർക്ക് മുഖാന്തിരം ലഭ്യമാകുന്ന സർവ്വീസ് രേഖ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. പൊതുസ്ഥലംമാറ്റത്തിന് വിവിധ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റത്തിനുള്ള ഓപ്ഷൻ കൊടുക്കുവാനുള്ള അവസരം ഉണ്ടായിട്ടും ഒരേ ഒരു സ്ഥാപനം മാത്രമാണ് ഡോ.അർച്ചന ഓപ്റ്റ് ചെയ്തിരുന്നത്. പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഡോ.ലിസ്സി.സി.എച്ച്., ഡോ.അമ്പിളി.പി.സി. എന്നിവർക്കാണ് അർഹത ഉണ്ടായിരുന്നത്. അത് പ്രകാരം അവരെ പരിഗണിച്ചിട്ടുള്ളതുമാണ്. എന്നിരുന്നാലും അപേക്ഷകക്ക് നിലവിൽ കോഴിക്കോട് ജില്ലയിൽ തന്നെയാണ് സ്ഥലംമാറ്റം അനുവദിച്ച് നൽകിയിരിക്കുന്നത്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകണമെന്ന അപേക്ഷകയുടെ ആവശ്യം നിരസിക്കുന്നു.

13) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.ഹിത.കെ., ഡോ.അർച്ചന.കെ.ഒ. എന്നിവർ ഫയൽ ചെയ്ത OA (EKM) Nos.912/2023, 914/2023 എന്നീ ഹർജികളിന്മേലുള്ള 05.04.2024 തീയതിയിലെ ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREENA SHAMSUDDIN

ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.

ഡോ.അർച്ചന.കെ.ഒ., ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), താലൂക്ക് ആശുപത്രി, കുറ്റിയാടി, കോഴിക്കോട്.

ഡോ.ഹിത.കെ., ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), താലൂക്ക് ആശുപത്രി, കുറ്റിയാടി, കോഴിക്കോട്.

ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 11-06-2024 12:17:39
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. 10411/2024/EB3/ആവഡ
തീയതി. 11/06/2024

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Beena
11/6/24

ആരോഗ്യ വകുപ്പ് ഡയറക്ടർക്കു വേണ്ടി